## സ്വധർമ്മനിഷ്ഠ: ശതജൻമഭി: പുമാൻ വിരിഞ്ചതാമേതി തത: പരം ഹി മാം അവ്യാകൃതം ഭഗവതോഽഥ വൈഷ്ണവം പദം യഥാഹം വിബുധാ: കലാത്യയേ (4-24-29)

മൈത്രേയൻ തുടർന്നു: പൃഥുവിന്റെ പുത്രൻ വിജിതാശ്വൻ ചക്രവർത്തിയായി. അയാൾ തന്റെ രാജ്യം നാലായി വിഭജിച്ച് സഹോദരന്മാർക്ക് വീതിച്ചു. ഹര്യാക്ഷന് കിഴക്കേ ഭാഗം, ധൂമ്രകേശന് തെക്കുഭാഗം, വൃകന് പടിഞ്ഞാറേഭാഗം, ദ്രവിണന് വടക്കുഭാഗം. വിജിതാശ്വന് സ്വേച്ഛയാൽ അപ്രത്യക്ഷനാവാൻ കഴിവുണ്ടായിരുന്നതിനാൽ അന്തർധാനൻ എന്നും പേരുണ്ട്. അദ്ദേഹത്തിന് തന്റെ ഭാര്യ ശിഖണ്ഡിനിയിൽ പാവകൻ, പാവമണൻ, സവചി എന്നീ മൂന്നുപുത്രന്മാരും നഭസ്വതിയിൽ ഹവിർധനൻ എന്ന പുത്രനും ഉണ്ടായി. ശിഖണ്ഡിനീപുത്രന്മാർ ഒരു മുനിയുടെ ശാപത്താൽ ഭൂമിയിൽ പിറന്ന അഗ്നിദേവതകളായിരുന്നു. അവർക്ക് യോഗമാർഗ്ഗത്തിലൂടെ പിന്നീട് ശാപമോക്ഷം ലഭിക്കുകയും ചെയ്തു. വിജിതാശ്വൻ, തന്റെ ചക്രവർത്തിപദം ഹവിർധനനെ ഏൽപ്പിച്ച് നിരന്തരമായി ധർമ്മയാഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. രാജകീയ ധർമ്മങ്ങളായ ശിക്ഷ, കരംപിരിവ്, അധികാരപ്രകടനം ഇവയെല്ലാം അദ്ദേത്തിനിഷ്ടമായിരുന്നില്ല. ഭഗവൽപ്പദകമലങ്ങളിൽ ഹൃദയമർപ്പിച്ച് അവസാനം അദ്ദേഹം ആ സവിധത്തിൽ ഒരിടം നേടുകയും ചെയ്തു.

ഹവിർധനന് ഹവിൽധനി എന്ന ഭാര്യയിൽ ആറുപുത്രന്മാർ ഉണ്ടായി. ബർഹിഷാദ്, ഗയൻ, ശുക്ലൻ, കൃഷ്ണൻ, സത്യൻ, ജുതവൃതൻ എന്നിവർ. ബർഹിഷാദ് ചക്രവർത്തിയായി അവരോധിക്കപ്പെട്ടു. അദ്ദേഹം വേദയാഗകർമ്മങ്ങളിൽ അതിനിപുണനായിരുന്നു. സ്ഥിരമായി ഈദൃശകർമ്മങ്ങളിലേർപ്പെടുക മൂലം അദ്ദേഹം പ്രാചീനബർഹി എന്നറിയപ്പെട്ടു. ശതദ്രുതി എന്നാണ് അദ്ദേഹത്തിന്റെ ഭാര്യയുടെ പേര്. അതീവസുന്ദരിയായിരുന്നു അവർ. വിവാഹമംഗളമാശംസിക്കാൻ വന്ന ദേവന്മാർ പോലും അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായിപ്പോയി. അഗ്നിഭഗവാൻ അവളിൽ അനുരാഗിയായിരുന്നുവത്രെ. ബർഹിഷാദ ശതദ്രുതി ദമ്പതിമാർക്ക് പ്രചേതർ എന്ന പേരിലറിയപ്പെടുന്ന പത്തു പുത്രന്മാരുണ്ടായി. തങ്ങളുടെ അച്ഛന്റെ ആജ്ഞപ്രകാരം, പ്രചേതർ വിവാഹംചെയ്ത് കുട്ടികളുണ്ടായി വംശം വർദ്ധിപ്പിക്കാനായി തപസ്സിലേർപ്പെടാൻ പുറപ്പെട്ടു. വഴിക്കുവെച്ച് രുദ്രഭഗവാനെക്കണ്ട് ഒരു ദിവ്യമന്ത്രം പഠിച്ചു. പിന്നീട് ഒരു തടാകത്തിലിറങ്ങി ഈ മന്ത്രവും ജപിച്ച് പതിനായിരം കൊല്ലം തപസ്സനുഷ്ടിച്ചു.

പ്രചേതർ രുദ്രദേവനെ കാണാനുണ്ടായ സാഹചര്യം മൈത്രേയൻ ഇങ്ങിനെ വിവരിച്ചു. പ്രചേതർ പടിഞ്ഞാറേദേശത്തേക്ക് തപസ്സിനായി പുറപ്പെട്ടപ്പോൾ വഴിക്കുവെച്ച് സുന്ദരവും വിപുലവുമായ ഒരു തടാകം കാണുകയുണ്ടായി. അവിടെ ഒരു ദിവ്യസംഗീതം കേൾക്കായി. പ്രചേതർ അതിൽ മതിമറന്നുനിൽക്കെ രുദ്രഭഗവാൻ തടാകത്തിൽനിന്നും പൊങ്ങിവന്നു. ദേവസ്ത്രീകളാൽ ചുറ്റപ്പെട്ടാണ് രുദ്രദേവൻ പ്രത്യക്ഷനായത്.

രുദ്രഭഗവാൻ പറഞ്ഞു: "അല്ലയോ പ്രചേതരേ, നിങ്ങളുടെ ഹൃദയാഭിലാഷം ഞാൻ മനസ്സിലാക്കുന്നു. നിങ്ങളെക്കണ്ട് അനുഗ്രഹിക്കാനും ഒരു ദിവ്യമന്ത്രം ഉപദേശിക്കാനുമാണ് ഞാൻ പ്രത്യക്ഷപ്പെട്ടത്. ഭഗവാൻ വിഷ്ണുവിന്റെ പാദാരവിന്ദങ്ങളിൽ അഭയം തേടിയവരാകയാൽ നിങ്ങളിൽ ഞാൻ സംപ്രീതനാണ്. ഒരു നൂറുവർഷം ധർമ്മിഷ്ടനായി ജീവിക്കുമ്പോൾ ഒരുവൻ സൃഷ്ടാവിന്റെ സവിധമണയുന്നു. അതും കഴിഞ്ഞ് കാലം കുറെക്കഴിയുമ്പോൾ എന്റെയടുക്കൽ എത്തിച്ചേരുന്നു. പക്ഷെ വിഷ്ണുഭക്തൻ, ലോകവാസം വെടിഞ്ഞയുടൻ വിഷ്ണുസവിധത്തിലേക്കു നേരിട്ടു ചെന്നെത്തുന്നു. ആ സവിധമണയാൻ ഞങ്ങൾക്കുപോലും ഒരു ലോകചക്രം കഴിയാൻ കാത്തിരിക്കേണ്ടതുണ്ട്. ഇനി ഞാൻ ആ ദിവ്യമന്ത്രം നിങ്ങൾക്കു പറഞ്ഞുതരാം. പരമശാന്തിയുടെ മാർഗ്ഗമണയാൻ ഈ മന്ത്രം നിങ്ങൾക്കു പ്രയോജനപ്പെടുന്നതാണ്."